# ഓണാട്ടുകര നാളികേരോല്പാദക കമ്പനി

## വെട്ടിക്കോട്,കറ്റാനം

**9 - ) മത് വാർഷിക പൊതുയോഗം – ഡയറക്ടേഴ്സ് റിപ്പോർട്ട് (29 .09 .2023 )**

പ്രിയ സുഹൃത്തുക്കളെ, ഓഹരി ഉടമകളെ !

ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയുടെ 9-)മത് വാർഷിക പൊതുയോഗത്തിലേയ്ക്ക് എല്ലാവർക്കും സ്വാഗതം. കഴിഞ്ഞ വർഷവും സാമ്പത്തിക പ്രതിസന്ധി കാരണം കമ്പനിയുടെ പ്രവർത്തനങ്ങൾ കാര്യമായി മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല. കമ്പനിയുടെ പ്രവർത്തനങ്ങൾ നിലനിർത്താൻ സാധിച്ചുവെന്നു മാത്രം. കഴിഞ്ഞ വർഷം കേവലം 47 മെട്രിക് ടൺ വെളിച്ചെണ്ണ മാത്രമാണ് ഉല്പാദിപ്പിക്കാൻ കഴിഞ്ഞത്. വിറ്റുവരവ് 1.039 കോടി രൂപയും. ഇതിൽ ഏകദേശം 10.19 ലക്ഷം രൂപ മറ്റു മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ നിന്നുള്ള വിറ്റുവരവാണ്. കമ്പനിയുടെ ഉല്പന്നങ്ങൾക്ക് പ്രിയമേറുന്നുവെങ്കിലും ഉല്പാദനം തീർത്തും അപര്യാപ്തമാണെന്ന് പറയേണ്ടതില്ലല്ലോ?. പ്രവർത്തന മൂലധനത്തിന്റെ അഭാവമാണിതിനുകാരണം. ഈ ഗുരുതര വിഷയം പരിഹരിക്കാനുള്ള എല്ലാ ശ്രമങ്ങളും വിഫലമാകുകയാണ്. കമ്പനിയുടെ 2022-2023 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 33 .584 ലക്ഷം രൂപയുടെ നഷ്ടമാണ് കാണിക്കുന്നത്. ഇത് ഡിപ്രീസിയേഷൻ കൂടാതെയാണ്. വിവിധ ബ്രാൻഡുകളിലെ ഗുണമേന്മയില്ലാത്ത എണ്ണ വിലക്കുറവിൽ വിപണയിൽ സുലഭമായി ലഭിക്കുന്നത് നമുക്ക് തിരിച്ചടിയാകുന്നു. എന്നിരുന്നാലും നമ്മുടെ ഉല്പാദനം ചെറിയതോതിൽ മുടക്കമില്ലാതെ തുടരുന്നു. കമ്പനിയുടെ പ്രവർത്തനം വരും നാളുകളിൽ മെച്ചപ്പെടുത്തുവാൻ അവസര മുണ്ടാകുമെന്ന പ്രതീക്ഷയാണ് മുന്നോട്ടു നയിക്കുന്നത്. ഷെയർ എടുത്തിട്ടുള്ള ഓഹരി ഉടമകൾ ലാഭവിഹിതം നല്കാത്തതു കൊണ്ട് ഷെയർ തുക തിരികെ നല്കാൻ ആവശ്യപ്പെടുന്നു. എന്നാൽ ഷെയർ തുക തിരികെ നല്കാൻ പ്രൊഡ്യൂസർ കമ്പനികളുടെ നിയമം അനുവദിക്കുന്നില്ല.

നിലവിലുള്ള ഓഹരി ഉടമകൾക്ക് കൈമാറ്റം ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. ഇങ്ങനെ സാങ്കേതികത്വത്തിന്റെ നൂലാമാലകൾ ഏറെയാണ്. കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിന് എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്.

ഈ അവസരത്തിൽ കമ്പനിയുടെ ഓരോ ഓഹരി ഉടമകളോടും കർഷക സുഹൃത്തുക്കളായ മറ്റു അംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. കമ്പനിയുമായി പ്രത്യക്ഷമായും, പരോക്ഷമായും സഹകരിക്കുന്ന, സഹായിക്കുന്ന എല്ലാ ഗവർമെന്റ് , ഗവര്മെന്റിതര സ്ഥാപനങ്ങളോടും, കമ്പനി സെക്രട്ടറിമാരോടും (ABP & Associates) കമ്പനി ചാർട്ടേഡ് അക്കൗണ്ട്സിനോടും (GSP & Company) സ്ഥലം ഉടമയോടും എല്ലാ മാന്യ ഉപഭോക്താക്കളോടും, കമ്പനി ജീവനക്കാരോടുമുള്ള ഞങ്ങളുടെ കടപ്പാടും നന്ദിയും രേഖപ്പെടുത്തിക്കൊള്ളട്ടെ!

ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

ഡയറക്ടർ ബോർഡ്

ബോർഡ് അംഗങ്ങൾ

1. കറ്റാനം ഷാജി (കെ .എസ് . അലക്സാണ്ടർ) - ചെയർമാൻ
2. അഡ്വ: തോമസ് എം മാത്തുണ്ണി - ഡയറക്ടർ
3. അഡ്വ: മലയിൽ മോഹൻ - ,,
4. വി. സദാശിവൻ ,,
5. എൻ രവി - ,,
6. വേലഞ്ചിറ സുകുമാരൻ - ,,
7. തോമസ് റ്റി തോമസ് - ,,
8. എം പി വിഹാർ അജയകുമാർ - ,,
9. ബാബുരാജൻ എസ് - ,,
10. ലളിതാംബ എ) ,,

-------------------×-----------------×------------------×-----------------------